# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. *378** **24/08/2017-ൽ മറുപടിയ്ക്ക്**

**<u>പട്ടികവർഗ്ഗ വിഭാഗക്കാർക്കായി നീക്കി വയ്ക്കുന്ന ഫണ്ടിന്റെ വിനിയോഗം</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം<br>,, പി.ബി. അബ്ദുൽ റസ്സാക്ക്<br>,, പി.കെ.ബഷീർ<br>,, കെ.എം.ഷാജി : | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | പട്ടികവർഗ്ഗ വിഭാഗക്കാർക്കായി നീക്കി വയ്ക്കുന്ന ഫണ്ട് ഫലപ്രദമായി ഉപയോഗിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തെല്ലാം; | (എ) | പട്ടികവർഗ്ഗ വിഭാഗക്കാർക്കായി നീക്കി വയ്ക്കുന്ന ഫണ്ട് ഫലപ്രദമായി ഉപയോഗിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി ബഹു.വകുപ്പുമന്ത്രി ഡയറക്ടറേറ്റിലെ നിയന്ത്രണോദ്യോഗസ്ഥരുടെ അവലോകന യോഗം രണ്ടാഴ്ചയിൽ ഒരിക്കൽ നടത്തി പദ്ധതി പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നു.<br>• ഇതിനുപുറമെ വിവിധ ജില്ലകളിൽ ബഹു. വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ഡയറക്ടർ എന്നിവർ പദ്ധതി അവലോകനം നടത്തുന്നുണ്ട്.<br>• പദ്ധതി നിർവ്വഹണ വേളയിൽ നിർവഹണ പുരോഗതി വിലയിരുത്തുന്നതിനും കാല താമസമോ മറ്റ് തടസ്സങ്ങളോ ഉണ്ടാകുന്നത് കണ്ടെത്തി പരിഹരിക്കുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാതല മോണിട്ടറിംഗ് സമിതി നിലവിലുണ്ട്.<br>• പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ സംസ്ഥാന തലത്തിൽ ജില്ലാ ഓഫീസർ മാരുടെ പദ്ധതി അവലോകന യോഗം നടത്തി പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതീക നേട്ടങ്ങൾ നേരിട്ട് വിലയിരുത്തുന്നു.<br>• ഡയറക്ടറേറ്റിൽ നിന്നുള്ള നിയന്ത്രണ ഉദ്യോഗസ്ഥർ എല്ലാ ജില്ലകളിലും |

| | | | |
|---|---|---|---|
| | | | സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നു.<br>• ജില്ലയിൽ പ്രോമോർട്ടർമാർ മുതൽ പ്രോജക്ട് ഓഫീസർ / ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർമാർ വരെയുള്ള ഉദ്യോഗസ്ഥർ പദ്ധതികൾ വിവിധ തലങ്ങളിൽ സസൂക്ഷ്മം പരിശോധിക്കുന്നു.<br>• ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ പ്രതിമാസം ചേരുന്ന ജില്ലാ വികസന യോഗത്തിലും ജില്ലാ പട്ടികജാതി/പട്ടികവർഗ്ഗ വികസന കമ്മിറ്റിയിലും പദ്ധതി പുരോഗതി വിലയിരുത്തുന്നു. ജില്ലാ കളക്ടറുടെ മേൽ നോട്ടത്തിലാണ് പദ്ധതികൾ നിർവ്വഹണം നടത്തുന്നത്. കോളനി വികസനത്തിനായിട്ടുള്ള പദ്ധതികൾ ഇതിനായുള്ള ജില്ലാതല മോണിട്ടറിംഗ് കമ്മിറ്റിയുടെ മേൽ നോട്ടത്തിലാണ് നടന്നു വരുന്നത്.<br>• പരമാവധി ആനുകൂല്യം ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (ഡിബിറ്റി) വഴി നിക്ഷേപിക്കുന്നതിലൂടെ പദ്ധതി നടത്തിപ്പിൽ സുതാര്യത കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ. എല്ലാവിധ വിദ്യാഭ്യാസാനുകൂല്യങ്ങളും മറ്റ് ക്ഷേമപ്രവർത്തനങ്ങൾക്കും അനുവദിക്കുന്ന ആനുകൂല്യങ്ങളുടെ വിതരണം സോഫ്റ്റ് വെയറിന്റെ സഹായത്തോടെ നടപ്പിലാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>• ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ വകുപ്പിന്റെ മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തിയും ജില്ലാതല മോണിറ്ററിംഗ് സമിതികളുടെ പ്രവർത്തനം ക്രമപ്പെടുത്തിയും ഊരുകൂട്ടങ്ങളുടെ പ്രവർത്തനവും സോഷ്യൽ ഓഡിറ്റും ശക്തിപ്പെടുത്തിയും, പദ്ധതികളുടെ നേട്ടങ്ങൾ ഗുണഭോക്താവിന് എത്തിക്കുന്നതിന് പരമാവധി ഇടപെടലുകൾ നടത്തി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ആദിവാസിമേഖലയിൽ ഫണ്ട് വൻതോതിൽ ദുർവ്യയം ചെയ്യപ്പെടുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ദുർവ്യയം ഏതൊക്കെ രീതിയിലാണ് എന്നതിന്റെ വിശദ വിവരം ശേഖരിച്ചിട്ടുണ്ടോ; വിശദ മാക്കുമോ; | (ബി) | ഇല്ല. ആദിവാസിമേഖലയിൽ ഫണ്ട് വൻതോതിൽ ദുർവ്യയം ചെയ്യപ്പെടുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ഊരുകൂട്ടങ്ങൾ കൂടി പദ്ധതി ആസൂത്രണം പൂർത്തിയായാൽ ആയത് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെയോ, സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെയോ, അനുമതിയ്ക്കായി സമർപ്പിക്കുന്നതാണ്. പ്രൊപ്പോസലുകൾ ജില്ലാ തലത്തിൽ ജില്ലാ കളക്ടർ ഉൾപ്പെട്ട സമിതിയും സംസ്ഥാനതലത്തിൽ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും, ഫിനാൻസ്, പ്ലാനിംഗ് ബോർഡ്, എന്നീ വകുപ്പുകളുടെ മേലുദ്യോഗസ്ഥർ പദ്ധതികൾ സസൂക്ഷമം പരിശോധിച്ച് പദ്ധതികളുടെ ആവശ്യകത ഉറപ്പുവരുത്തി ഭരണാനുമതി ലഭ്യമാക്കുന്ന പദ്ധതികൾ മാത്രമേ നിർവ്വഹണം നടത്തുന്നുള്ളൂ. പ്രസ്തുത സാഹചര്യത്തിൽ ഫണ്ട് ദുർവ്യയം വകുപ്പിൽ ഉണ്ടാകുന്നില്ല. |
| (സി) | പട്ടികവർഗ്ഗക്ഷേമത്തിന് 2016-17 വർഷത്തിൽ, മുൻവർഷങ്ങളിലേതിന് ആനുപാതികമായി വകയിരുത്തിയ ഫണ്ട് എത്രയാണെന്ന് വ്യക്ത മാക്കുമോ? | (സി) | 2015-16 വർഷത്തിൽ പട്ടികവർഗ്ഗ ക്ഷേമത്തിനായി തദ്ദേശ സ്വയം ഭരണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ഉൾപ്പെടെ ആകെ 700.36 കോടി രൂപയും 2016-17 വർഷത്തിൽ 810.16 കോടി രൂപയും ബഡ്ജറ്റ് വിഹിതമായി ലഭിച്ചിട്ടുണ്ട്. മുൻ വർഷത്തെ അപേക്ഷിച്ച് 16 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

93